**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **15-03-2022 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത കൃഷിയിലൂടെ അട്ടപ്പാടിയിലെ ആദിവാസി ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും, അവരുടെ ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനുമായി അവരെ പരമ്പരാഗതമായ കൃഷിയിലേക്ക് തിരികെ കൊണ്ടുവരാൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമെന്നും ആയതിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ; ഇത് വിജയകരമായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | അട്ടപ്പാടിയിലെ ആദിവാസി ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ ഭക്ഷ്യാവ ശ്യങ്ങൾ നിറവേറ്റുന്നതിനുമായി അവരെ പരമ്പരാ ഗതമായ കൃഷിയിലേക്ക് തിരികെ കൊണ്ട് വരാൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളാണ് അട്ടപ്പാടി ചെറുധാന്യ ഗ്രാമം പദ്ധതി, അട്ടപ്പാടി ഗോത്രവർഗ്ഗ ങ്ങൾക്കായുള്ള സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി എന്നിവ. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ആദി വാസി വിഭാഗക്കാരുടെ പരമ്പരാഗത കൃഷി പുനഃ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷം അഗളി ബ്ലോക്കിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലായി നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് അട്ടപ്പാടി ചെറുധാന്യ ഗ്രാമം പദ്ധതി. അട്ടപ്പാടിയിലെ 70 ഊരുകളിൽ പരമ്പരാ ഗത കാർഷിക വിളകളായ ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ തുടങ്ങിയവയു ടെയും കർഷകർക്ക് അധിക വരുമാനത്തിനായി പച്ചക്കറികളും, സൂപ്പർഫുഡായ 'ചിയ' തുടങ്ങിയ വിളകളുടെയും കൃഷി 1240 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. 1014 കർഷകരെ പദ്ധതിയുടെ കീഴിൽ കൊണ്ടു വരാൻ കഴിഞ്ഞു. ജൈവസർട്ടിഫിക്കേഷൻ:- പദ്ധതിയുടെ ഭാഗമായി ജൈവസർട്ടിഫിക്കേഷൻ നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം പൂർണ്ണമായും ജൈവരീതിയിൽ കൃഷിചെയ്ത 40 ഊരുകളിൽ 926 കർഷകർക്ക് ജൈവസർട്ടിഫിക്കേഷൻ ലഭിച്ചു. ഭൗമസൂചിക നിർണ്ണയം:- അട്ടപ്പാടിയിലെ തനത് ഇനങ്ങളായ ആട്ടുകൊമ്പ്, അവര, അട്ടപ്പാടി തുവര എന്നിവയ്ക്ക് ഭൗമസൂചിക ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാ ശാലയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. തേനീച്ച വേലി :- കട്ടേക്കാട് എന്ന മാതൃകാ ഊരിൽ 400 മീറ്റർ തേനീച്ച വേലി നിർമ്മിച്ചു. മാതൃകാ ഊര് വികസനം :- |

| | | | |
|---|---|---|---|
| | | | അട്ടപ്പാടിയിലെ മാതൃകാ ഊരുകളായ മേലെപരപ്പൻതറ, കട്ടേക്കാട്, മേലെസമ്പാർകോട്, കുറുക്കത്തികല്ല്, വീട്ടിയൂർ എന്നീ 5 ഊരുകളിൽ കാർഷിക പ്രവർത്തനങ്ങൾ, ജലസേചനസൗകര്യം അടക്കമുള്ള അടിസ്ഥാനസൗ കര്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി നടീൽ വസ്തുക്കൾ, കാർഷികോപകരണങ്ങൾ, ധാന്യസംഭ രണി എന്നിവയുടെ വിതരണം, ഡ്രൈയിംഗ് യാർഡ് സ്ഥാപിക്കൽ, തേനീച്ച വളർത്തൽ, എന്നിവ നടപ്പി ലാക്കിയിട്ടുണ്ട്. മേലെസമ്പാർകോട്, മേലെപര പ്പൻതറ എന്നിവിടങ്ങളിലെ ജലസേചന പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. മൂല്യവർധിത ഉല്പാദന യൂണിറ്റ് :- ചെറുധാന്യ ഗ്രാമപദ്ധതിയുടെ കീഴിൽ ഉത്പാദിപ്പിച്ച ചെറുധാന്യ ങ്ങൾ കർഷകരുടെ ഉപയോഗം കഴിഞ്ഞ് ശേഷിച്ചവ കോയമ്പത്തൂർ കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം ചെയ്തുവരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതി 2020-21 മുതൽ 3 വർഷത്തെ കാലയളവിലേക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അട്ടപ്പാടി ഗോത്രവർഗ്ഗങ്ങൾക്കായുള്ള സമഗ്ര സുസ്ഥിര കാർഷികവികസന പദ്ധതി (Comprehensive and Sustainable Agricultural Development Programme for Attapadi Tribes) നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 70 ആദിവാസി ഊരുകളിൽ 1642.50 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറി, സൂപ്പർ ഫുഡ് 'ചിയ' തുടങ്ങിയവ കൃഷി ചെയ്തിട്ടുണ്ട്. തേനീച്ച വേലി:- വല്ലവട്ടി ഊരിൽ 1520 മീറ്റർ നീളത്തിലും വരഗംപാടി ഊരിൽ 1000 മീറ്റർ നീളത്തിലും തേനീച്ച വേലി നിർമ്മിച്ചു. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ:- ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീക രണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മിനി സംസ്കരണശാല സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ജൈവസർട്ടിഫിക്കേഷൻ:- 70 ഊരുകളിലെ 40 ഊരുകളിൽ ജൈവസർട്ടിഫിക്കേഷൻ ചെറുധാന്യ ഗ്രാമം പദ്ധതിയിൽ പൂർത്തിയാക്കി. ശേഷിക്കുന്ന 30 ഊരുകളിലെ 392 കർഷകരുടെ കൃഷിയിടങ്ങൾക്ക് ജൈവസർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനം RKI പദ്ധതിയിൽ പുരോഗമിക്കുന്നു. |
| (ബി) | ആദിവാസികൾക്ക് തനതു വിളകളായ ചോളം, റാഗി ,ചാമ ,പരുത്തി തുടങ്ങിയവയുടെ വിത്തുകൾ കൃഷി വകുപ്പിൽ നിന്നും സൗജന്യമായി നൽകുവാൻ | (ബി) | അട്ടപ്പാടി ചെറുധാന്യഗ്രാമം പദ്ധതി, അട്ടപ്പാടി ഗോത്രവർഗ്ഗങ്ങൾക്കായുള്ള സമഗ്ര സുസ്ഥിര കാർഷികവികസന പദ്ധതി എന്നിവയിൽ ഉൾപ്പെ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | | ട്ടുത്തി ചെറുധാന്യങ്ങളായ റാഗി, ചാമ എന്നിവയുടെ വിത്തുകൾ സൗജന്യമായി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ